# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലിത്താ ഡോ.ജോസഫ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ: 367

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തുപട്ടക്കാരും, പള്ളികൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

2020 സെപ്റ്റംബർ 2,3,4 തീയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന സഭാ പ്രതിനിധി മണ്ഡല യോഗം ലോകമെമ്പാടും വ്യാപിച്ചിരിക്കുന്ന കോവിഡ്–19 മൂലം നടത്തുവാൻ സാധിക്കാതെയിരിക്കുന്നു. മണ്ഡലാംഗങ്ങളുടെ തെരഞ്ഞെടുപ്പ് 2020 ജൂൺ 30–ന് അകം നടത്തി അറിയിക്കണമെന്ന് 364–ാം നമ്പർ സർക്കുലർ കല്പന മുഖേന അറിയിച്ചിരുന്നല്ലോ. നാനൂറോളം അംഗങ്ങളുടെ തെരഞ്ഞെടുപ്പ് ഇനിയും നടക്കേണ്ടതായുണ്ട്. ലോക്ഡൗൺ നിയന്ത്രണങ്ങൾ നിമിത്തം മണ്ഡലാംഗങ്ങളുടെ തെരഞ്ഞെടുപ്പ് പൂർത്തീകരികരിക്കുന്നതിനോ പൂർത്തീകരിച്ചതിനു ശേഷം ജൂലൈ 2–ന് വോട്ടേഴ്സ് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനോ ജൂലൈ 15–ന് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനോ ആഗസ്റ്റ് 1 നു വിവിധ ഭദ്രാസനങ്ങളിൽ നിന്നുള്ള സഭാ കൗൺസിൽ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനോ സാധിക്കാതെയിരിക്കുന്നു.

2020 സെപ്റ്റംബർ 2,3,4 തീയതികളിൽ നടത്തുവാൻ നിശ്ചയിച്ച് അറിയിച്ചിരുന്ന സഭാ പ്രതിനിധി മണ്ഡല യോഗം, മേയ് 22 നു വീഡിയോ കോൺഫറൻസ് മുഖേന കൂടിയ ബഹു. എപ്പിസ്ക്കോപ്പൽ സിനഡിന്റെ ആലോചനയോടെ സഭാ ഭരണഘടന 64–ാം വകുപ്പു അനുസരിച്ച് മാറ്റി വച്ചിരിക്കുന്നു എന്ന വിവരം അറിയിക്കുന്നു. സഭാ ഭരണഘടന 104–ാം വകുപ്പു അനുസരിച്ച സഭാ കൗൺസിൽ തീരുമാനപ്രകാരം പുതിയ തീയതികൾ അറിയിക്കുന്നതാണ്.

എന്നാൽ സഭാ ഭരണഘടന 166 –ാം വകുപ്പു പ്രകാരം സഭാ കൗൺസിലിന്റെയും സഭാ ഔദ്യോഗിക സ്ഥാനികളുടെയും മണ്ഡലം തെരഞ്ഞെടുത്ത കമ്മറ്റികളുടെയും കാലാവധി പുതു മണ്ഡലത്തിന്റെ തെരഞ്ഞെടുപ്പു കഴിഞ്ഞുകൂടുന്ന ആദ്യയോഗത്തിനുശേഷം ആരംഭിച്ച് അടുത്ത പൊതു തെരഞ്ഞെടുപ്പു കഴിഞ്ഞുകൂടുന്ന പുതിയ മണ്ഡലത്തിന്റെ ആദ്യ യോഗത്തിന്റെ അവസാനം വരെ തുടരുന്നതായിരിക്കും.

സഭാ ഭരണഘടന 293 (2) അനുസരിച്ച് ഭദ്രാസന കൗൺസിൽ, ഭദ്രാസന ഔദ്യോഗിക ഭാരവാഹികൾ, ഭദ്രാസന അസംബ്ലി തെരഞ്ഞെടുത്ത സബ് കമ്മറ്റികൾ എന്നിവ അടുത്തു വരുന്ന ഭദ്രാസന അസംബ്ലി യോഗത്തിന്റെ പ്രാരംഭ യോഗത്തിന്റെ അവസാനയോഗം വരെ തുടരുന്നതാണ്.

സഭയുടെ അംഗീകൃത സ്ഥാപനകൾക്ക് മേൽപ്പറഞ്ഞ തീരുമാനം അതത് സ്ഥാപനകളുടെ ഭരണഘടനയ്ക്കു വിധേയമായി ക്രമീകരിക്കാവുന്നതാണ്.

സഭാ ഭരണഘടന 340 –ാം വകുപ്പു അനുസരിച്ച് ഇടവകസംഘയോഗം ഫെബ്രുവരി അവസാനത്തിനു മുമ്പ് നടത്തേണ്ടതും ഇടവകയുടെ അത്മായ ഉപാദ്ധ്യക്ഷന്മാർ, മുതൽ ചുമത

ലക്കാരൻ, കണക്കു ചുമതലക്കാരൻ, അത്മായ ശുശ്രൂഷകർ, സെക്രട്ടറി, മറ്റു കൈസ്ഥാന സമിതി അംഗങ്ങൾ, കണക്കു പരിശോധകർ എന്നിവരെ തെരഞ്ഞെടുക്കേണ്ടതുമാണ്. തെരഞ്ഞെടുക്കപ്പെടുന്ന ട്രസ്റ്റിമാർ സഭാ ഭരണഘടന പ്രകാരം സമ്മതപത്രം ഭദ്രാസന എപ്പിസ്ക്കോപ്പായ്ക്കു നൽകേണ്ടതും ഭദ്രാസന എപ്പിസ്ക്കോപ്പായുടെ അനുമതിയോടെ ഏപ്രിൽ 1 മുതൽ ചുമതലയിൽ പ്രവേശിക്കാവുന്നതുമാണ്.

ഇപ്രകാരം പ്രകിയ പൂർത്തീകരിക്കാത്ത ഇടവകകൾക്ക് നിലവിലുള്ള ചുമതലക്കാർക്കും കൈസ്ഥാനസമിതിക്കും ലോക്ഡൗൺ നിയന്ത്രണങ്ങൾ മാറി ഇടവകസംഘം കൂടി ടി പ്രക്രിയ പൂർത്തീകരിക്കുന്നതുവരെ തുടരാവുന്നതാണ്.

ഇടവകയുടെ വാർഷിക ഇടവകസംഘയോഗം മേയ് 31 നു മുമ്പ് നടത്തി വാർഷിക റിപ്പോർട്ടും ഓഡിറ്റു ചെയ്ത തെരട്ടും ബാക്കിപത്രവും ബഡ്ജറ്റും അവതരിപ്പിച്ചു പാസ്സാക്കേണ്ടതാണ്. എന്നാൽ കോവിഡ്–19 പശ്ചാത്തലത്തിൽ ഈ വർഷം വാർഷിക ഇടവക സംഘം നടത്തുവാൻ സാധിക്കാത്ത സാഹചര്യത്തിൽ ഭദ്രാസന എപ്പിസ്ക്കോപ്പായുടെ അംഗീകാരത്തോടെ ട്രസ്റ്റിമാരായി ചുമതലകളിൽ പ്രവേശിക്കുകയും കൈസ്ഥാനസമിതി തെരഞ്ഞെടുപ്പു പൂർത്തീകരിക്കുകയും ചെയ്ത കൈസ്ഥാന സമിതിക്ക് 2020 ജൂൺ 1 മുതൽ ചുമതലയിൽ പ്രവേശിക്കാവുന്നതാണ്.

2019–2020 വർഷത്തെ സഭയുടെയും ഭദ്രാസനങ്ങളുടെയും ഇടവകകളുടെയും ചേർന്നുള്ള Annual Returns 2020 ഒക്ടോബർ 31 നു മുമ്പ് Income Tax Department-ൽ ഫയൽ ചെയ്യേണ്ടതുകൊണ്ട് ഇടവകസംഘം കൂടിയില്ല എങ്കിൽപ്പോലും ഇടവകകളും ഇടവകകളിലെ അംഗീകൃത സംഘടനകളും ഇന്റേണൽ ഓഡിറ്റേഴ്സ് പരിശോധിച്ചശേഷം എക്സ്റ്റേണൽ ഓഡിറ്റേഴ്സിനു നൽകി 10 BB ഫോമിൽ 2020 ആഗസ്റ്റ് 15 നു മുമ്പ് ഭദ്രാസന ഓഫീസിൽ നൽകേണ്ടതാണ്.

സഭയുടെ PAN ഉപയോഗിക്കുന്ന സഭയുടെ അംഗീകൃത സംഘടനകളും ഈ വിധത്തിൽ കണക്കുകൾ എക്സ്റ്റേണൽ ഓഡിറ്റേഴ്സിന്റെ പരിശോധന കഴിഞ്ഞ് 10 BB ഫോമിൽ 2020 ആഗസ്റ്റ് 15 നു മുമ്പ് സഭാ ഓഫീസിൽ നൽകേണ്ടതാണ്.

സഭയുടെയും ഇടവകകളുടെയും എല്ലാ ശുശ്രൂഷകളും ക്രമീകൃതമായി നടക്കുവാൻ കർത്താവ് സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കാം.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ല പൂലാത്തീനിൽ നിന്നും 2020 മേയ് മാസം 27–ാം തീയതി,

Jmmalabar

**ഡോ.ജോസഫ് മാർത്തോമ്മാ മെത്രാപ്പോലിത്താ**